പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2592 14.12.2015-ൽ മറുപടിക്ക്

**മാധ്യമപ്രവർത്തകൻ റെജിമോൻ മരിക്കാനിടയായ സംഭവം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വച്ച് മാധ്യമപ്രവർത്തകൻ റെജിമോൻ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) മാധ്യമപ്രവർത്തകനായ റെജിമോൻ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വച്ച് 27.10.2015-ൽ മരിച്ചതിനെ തുടർന്ന് ടി വിഷയത്തിൽ ഒരു പ്രാഥമിക അന്വേഷണവും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോ പ്രൊഫസർ ഡോ.തോമസ് ഐപ് ചെയർമാനായും കാർഡിയോളജി പ്രൊഫസർ ഡോ.ശിവപ്രസാദ്.കെ, തൈക്കാട് W&C ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.പ്രേംകുമാർ.പി.എസ് എന്നിവർ അംഗങ്ങളുമായ വിദഗ്ധ സമിതി ഇത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തുകയുമുണ്ടായി. ടിയാളുടെ മരണകാരണം "massive intracranial haemorrhage (Subarachnoid haemorrhage) ആയിരുന്നുവെന്നാണ് വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. ആരോപണ വിധേയയായ ഡോ.ഐഷ.എസ്. ഗോവിന്ദിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്നും, മതിയായ ചികിത്സ ടിയാൾ റജിമോന് നൽകിയിട്ടുണ്ടെന്നുമുള്ള നിഗമനത്തിലാണ് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) മതിയായ അടിസ്ഥാന സൗകര്യവും ആവശ്യത്തിന് ഡോക്ടർമാരും, ഉപകരണങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും ഇല്ലാത്തതാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ കാരണമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടാതെ അടിയന്തിര ചികിത്സ നൽകുന്നതിനുള്ള ഉപകരണങ്ങളും രോഗനിർണ്ണയ സംവിധാനവും ടി ആശുപത്രിയിൽ ലഭ്യമാണ്. അടിസ്ഥാന സൗകര്യങ്ങളുടേയും ഡോക്ടർമാരുടേയും രോഗ നിർണ്ണയ സംവിധാനങ്ങളുടെയും കുറവുകൊണ്ടല്ല രോഗി മരിക്കാനിടയായത് എന്നാണ് അന്വേഷണത്തിൽ നിന്നും വ്യക്തമായത്. |

സെക്ഷൻ ഓഫീസർ